## പതിനാലാം കേരള നിയമസഭ

## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
## (2019-2021)

### ഇരുപത്തിഒന്നാമത് റിപ്പോർട്ട്
(2021 ജനുവരി മാസം 21-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[സമിതി (2010-2011) യുടെ മുപ്പത്തിനാലാമത്
റിപ്പോർട്ടിന്മേലുള്ള ആക്ഷൻടേക്കൺ റിപ്പോർട്ട്]

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2021

Rs.

## പതിനാലാം കേരള നിയമസഭ

## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
## (2019-21)

ഇരുപത്തിഒന്നാമത്.. റിപ്പോർട്ട്

(2021 ജനുവരി മാസം ..21..-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[സമിതി (2010-2011) യുടെ മുപ്പത്തിനാലാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻടേക്കൺ റിപ്പോർട്ട്]

Rs.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | : | v |
| മുഖവുര | : | vii |
| റിപ്പോർട്ട് | : | I |
| അനുബന്ധം | | |
| പ്രധാനപ്പെട്ട നിഗമനങ്ങളും/തുടർ ശിപാർശകളും | : | 14 |


Rs.

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2019-21)

## ഘടന

**അദ്ധ്യക്ഷൻ**

ശ്രീ. കെ. സുരേഷ് കുറുപ്പ്

**അംഗങ്ങൾ**

ശ്രീ. കെ.വി. അബ്ദുൾ ഖാദർ

ശ്രീ. ടി.എ. അഹമ്മദ് കബീർ

ശ്രീ. അനിൽ അക്കര

ശ്രീമതി ഇ.എസ്. ബിജിമോൾ

ശ്രീ. വി.കെ.സി. മമ്മത് കോയ

ഡോ. എം.കെ. മുനീർ

ശ്രീ. പി.ടി. തോമസ്

*ശ്രീ. തോമസ് ചാണ്ടി

**ശ്രീ. കെ.വി. വിജയദാസ്

***ശ്രീ. എൻ. വിജയൻപിള്ള

**നിയമസഭാ സെക്രട്ടേറിയറ്റ്**

ശ്രീ. എസ്.വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. ത്രിദീപ്. കെ.ജി, ജോയിന്റ് സെക്രട്ടറി

ശ്രീമതി. എ.വി.ജോസഫൈൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ജയകുമാർ. ജി, അണ്ടർ സെക്രട്ടറി

---

* 2019 ഡിസംബർ മാസം 20-ാം തീയതി നിര്യാതനായി.
** 2021 ജനുവരി മാസം 18-ാം തീയതി നിര്യാതനായി.
*** 2020 മാർച്ച് മാസം 08-ാം തീയതി നിര്യാതനായി.

Rs.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി (2019-2021) യുടെ 71-ാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2010-2011)യുടെ മുപ്പത്തിനാലാമത് റിപ്പോർട്ടിലെ (തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ചുള്ള കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 2005 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ആലപ്പുഴ ജില്ലയിലെ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ജലമാനേജ്മെന്റ് സംബന്ധിച്ച്) ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ അടിസ്ഥാനമാക്കി തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2021 ജനുവരി മാസം 14-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ശിപാർശകളിന്മേലുള്ള സർക്കാർ നടപടികളുടെ പരിശോധനാവേളയിൽ സമിതിക്ക് ആവശ്യമായ സഹായങ്ങൾ നൽകിയ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്)നോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

കെ. സുരേഷ് കുറുപ്പ്,
അദ്ധ്യക്ഷൻ,
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം,
2021 ജനുവരി 21

Rs.

# റിപ്പോർട്ട്

## അദ്ധ്യായം I

1.1 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ചുള്ള കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 2005 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ആലപ്പുഴ ജില്ലയിലെ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ജലമാനേജ്മെന്റ് സംബന്ധിച്ച് ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2010-11) തയ്യാറാക്കിയ 34-ാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

1.2 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2010-11) യുടെ 34-ാമത് റിപ്പോർട്ട് 2010 ഡിസംബർ മാസം 28-ാം തീയതി സഭയിൽ സമർപ്പിച്ചു. ഈ റിപ്പോർട്ടിൽ ആകെ 9 ശിപാർശകളാണ് ഉള്ളത്. പ്രസ്തുത ശിപാർശകളിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് സർക്കാർ നൽകിയ മറുപടി സമിതി (2016-19) യുടെ 16.05.2018 തീയതിയിലെ യോഗത്തിൽ പരിഗണിക്കുകയുണ്ടായി.

1.3 റിപ്പോർട്ടിലെ ഖണ്ഡിക 21, 24 എന്നിവയിലെ ശിപാർശകളിന്മേൽ ലഭിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ അവ സംബന്ധിച്ച് സമിതി അധിക വിവരം ആരാഞ്ഞിരുന്നു. ആയത് നാളിതുവരെ ബന്ധപ്പെട്ട വകുപ്പിൽ നിന്നും ലഭിച്ചിട്ടില്ല.

1.4 റിപ്പോർട്ടിലെ ഖണ്ഡിക 22-ലെ ശിപാർശയിന്മേൽ ലഭിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ ആയത് സംബന്ധിച്ച് സമിതി (2019-21) യുടെ 29.08.2019 തീയതിയിലെ യോഗത്തിൽ തെളിവെടുപ്പ് നടത്തുകയുണ്ടായി.

1.5 റിപ്പോർട്ടിലെ ശിപാർശ, ശിപാർശയിന്മേൽ ലഭിച്ച മറുപടി, സമിതി ആവശ്യപ്പെട്ട അധിക വിവരം, തുടർ ശിപാർശ എന്നിവ അദ്ധ്യായം II-ൽ ചേർത്തിരിക്കുന്നു.

1.6 സർക്കാരിൽ നിന്നുള്ള മറുപടിയുടെ അടിസ്ഥാനത്തിൽ അനന്തര നടപടികൾ തുടരേണ്ടതില്ല എന്ന് തീരുമാനിച്ച ശിപാർശകളും അവയ്ക്ക് സർക്കാരിൽ നിന്നു ലഭിച്ച മറുപടികളും അദ്ധ്യായം III-ൽ ചേർത്തിരിക്കുന്നു.

## അദ്ധ്യായം II

**സമിതിയുടെ ശിപാർശകളും സർക്കാർ സ്വീകരിച്ച നടപടികളും ശിപാർശകളിന്മേലുള്ള മറുപടി തൃപ്തികരമല്ലാത്തതിനാൽ സമിതി ആരാഞ്ഞ അധിക വിവരങ്ങളും തുടർശിപാർശകളും.**

### ഖണ്ഡിക നമ്പർ 21

### ശിപാർശ

2.1.1 ആലപ്പുഴ ജില്ലയിലെ കുടിവെള്ള ക്ഷാമം ശാശ്വതമായി പരിഹരിക്കുന്നതിന് വളരെ ബൃഹത്തായ ഒരു പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടത് അത്യാവശ്യമാണെന്ന് സമിതി വിലയിരുത്തുന്നു. ജില്ലയുടെ ഭൂമിശാസ്ത്രപരമായ പ്രത്യേകതയും മൊത്തം ആവശ്യവും കണക്കിലെടുത്ത് ജില്ലാ ഭരണകൂടവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കേരള വാട്ടർ അതോറിറ്റിയും കൂട്ടായി ചർച്ച ചെയ്ത് ഒരു വാട്ടർ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കി നടപ്പിലാക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് സമിതി കരുതുന്നു. വിവിധ കേന്ദ്രസംസ്ഥാന പദ്ധതികളിൻകീഴിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന തുക പൂൾ ചെയ്തും ബഡ്ജറ്റ് അലോട്ട്മെന്റ് നൽകിയും ഇതിനാവശ്യമായ തുക കണ്ടെത്തേണ്ടതാണ്. പുതിയതായി ചെറിയ സ്കീമുകൾ ഏറ്റെടുത്ത് നടത്തുന്നതിന് പകരം ജില്ലയ്ക്ക് മൊത്തം ഗുണം ലഭിക്കത്തക്കവിധത്തിൽ ഒരു മേജർ സ്കീം തയ്യാറാക്കി നടപ്പിലാക്കണമെന്നും ഇതിന് കേരള വാട്ടർ അതോറിറ്റിക്ക് ഗവൺമെന്റ് തലത്തിൽ നിർദ്ദേശം നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

2.1.2 ആലപ്പുഴ ജില്ലയിലെ കുടിവെള്ള ക്ഷാമം ശാശ്വതമായി പരിഹരിക്കുന്നതിന് പുതുതായി ചെറിയ സ്കീമുകൾ ഏറ്റെടുത്ത് നടത്തുന്നതിന് പകരം ജില്ലയ്ക്ക് മൊത്തം ഗുണം ലഭിക്കത്തക്കവിധത്തിൽ ഒരു മേജർ സ്കീം തയ്യാറാക്കി നടപ്പിലാക്കുന്നതിന് കേരള വാട്ടർ അതോറിറ്റിയ്ക്ക് നിർദ്ദേശം നൽകുന്നതിനായി ജലവിഭവ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ വിപുലമായ ജലവിതരണം ലക്ഷ്യമിട്ട് രണ്ട് ബൃഹദ്

പദ്ധതികൾ നിലവിലുണ്ട്. ഇവ കായംകുളം മുനിസിപ്പാലിറ്റിയെയും ആറാട്ടുപുഴ പഞ്ചായത്തിനെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള 12 mld സ്ഥാപിത ശേഷിയുള്ള പദ്ധതിയും 107 mld സ്ഥാപിത ശേഷിയുള്ള ജിക്കാ സഹായത്തോടെയുള്ള ചേർത്തല കുടിവെള്ള പദ്ധതിയുമാണ്. കൂടാതെ ആലപ്പുഴ മുനിസിപ്പാലിറ്റിയും അനുബന്ധ പഞ്ചായത്തുകളും ഉൾക്കൊള്ളിച്ചിട്ടുള്ള യുഡിസ്മാറ്റ് പദ്ധതി പൂർത്തീകരണത്തിന്റെ വക്കിലാണ്.

ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെ കുളങ്ങൾ, നീരുറവകൾ എന്നിവ സംരക്ഷിക്കുന്നുണ്ട്. കൂടാതെ മഴവെള്ള സംഭരണികൾ സ്ഥാപിച്ചും ജലം സംഭരിക്കപ്പെടുന്നു. കുടിവെള്ള ദൗർലഭ്യം പരിഹരിക്കുന്നതിന് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ, ഗുണഭോക്താക്കൾക്ക് വ്യക്തിഗത വാട്ടർ കണക്ഷന് സബ്സിഡി എന്നീ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി 5 ആർ.ഒ. പ്ലാന്റുകൾ വീയപുരം ഗ്രാമപഞ്ചായത്തിൽ സ്ഥാപിച്ചിട്ടുണ്ട്. കുഴൽ കിണറുകൾ സ്ഥാപിച്ച് കുടിവെള്ളക്ഷാമം പരിഹരിക്കുന്നുണ്ട്. വള്ളികുന്നം ഗ്രാമപഞ്ചായത്തിൽ വള്ളികുന്നം ചിറ കുടിവെള്ള പദ്ധതിയും മാവേലിക്കര തെക്കേക്കര ഗ്രാപഞ്ചായത്തിൽ പാറ്റൂർ കുടിവെള്ള പദ്ധതിയും രൂപീകരിച്ചിട്ടുണ്ട്.

## തുടർ ശിപാർശ

**2.1.3 വള്ളികുന്നം ഗ്രാമപഞ്ചായത്തിൽ വള്ളികുന്നം ചിറ കുടിവെള്ള പദ്ധതിയും മാവേലിക്കര തെക്കേക്കര ഗ്രാമപഞ്ചായത്തിൽ പാറ്റൂർ കുടിവെള്ള പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ടോയെന്നത് സംബന്ധിച്ച വിശദാംശം നൽകുവാൻ സമിതി നിർദ്ദേശിക്കുന്നു.**

## ഖണ്ഡിക നമ്പർ 22

## ശിപാർശ

2.2.1 ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി ചെലവ് ചെയ്ത തുകയുടെ കൃത്യമായ കണക്കുകൾ സൂക്ഷിച്ചിട്ടില്ല എന്നതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. കുടിവെള്ള പദ്ധതികൾ സ്ഥാപിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 2000-2001-ൽ കേരള ജല അതോറിറ്റിയെ ചുമതലപ്പെടുത്തിയ 147 പ്രോജക്ടുകളിൽ എ.ജി.യുടെ ഓഡിറ്റ് വർഷമായ 2004-2005 വരെയും 114 എണ്ണവും അപൂർണ്ണമായി നിലനിൽക്കുകയാണെന്ന വസ്തുത സമിതി അമ്പരപ്പോടെയാണ് വീക്ഷിക്കുന്നത്. ഓരോ വർഷവും പദ്ധതി വിഹിതത്തിൽ നിന്നും കുടിവെള്ള പദ്ധതികൾക്കായി ജലഅതോറിറ്റിയ്ക്കും ഭൂജലവകുപ്പിനും

ഡെപ്പോസിറ്റായി നൽകുന്ന തുക നിർജീവാവസ്ഥയിൽ തന്നെ കിടക്കുകയാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ കേരള ജല അതോറിറ്റിയെയും ഭൂജല വകുപ്പിനെയും ഭാരമേൽപ്പിക്കുന്ന പദ്ധതികൾ സമയബന്ധിതമായി പ്രസ്തുത വകുപ്പുകൾ നിർവ്വഹിക്കുന്നതാണെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉറപ്പ് വരുത്തണമെന്നും ഈ രണ്ട് വകുപ്പുകളും അന്തിമമായി കണക്കുകൾ ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് കൈമാറണമെന്ന് സർക്കാർ നിർദ്ദേശം നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

2.2.2 കേരള ജലഅതോറിറ്റിയ്ക്കും ഭൂജലവകുപ്പിനും ആവശ്യമായ നിർദ്ദേശം നൽകുവാൻ ജലവിഭവ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വാട്ടർ അതോറിറ്റിയെ ചുമതലപ്പെടുത്തിയ പദ്ധതികൾ സംബന്ധിച്ച തുകകൾ വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തശേഷം നിലവിൽ ടി വർക്കുകളുടെ നിർവ്വഹണത്തിൽ പഞ്ചായത്തുകൾക്ക് പ്രത്യേക ചുമതലയില്ല. എന്നാൽ ഈ പദ്ധതികൾ ഏറ്റെടുക്കുന്നതിന്റെ ഭാഗമായി ടെൻഡർ മുതലായ നടപടിക്രമങ്ങൾ പാലിക്കുമ്പോൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി തുടർനടപടി സ്വീകരിക്കുകയാണെങ്കിൽ ഏറ്റെടുത്ത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും കണക്കുകൾ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ലഭ്യമാകുന്നതുമാണ്. രേഖകൾ പ്രകാരം LSGD ജല അതോറിറ്റിയെ 2000-2001 കാലയളവിൽ ഏൽപ്പിച്ച 147 ജലവിതരണ പദ്ധതികളിൽ ഒന്നും തന്നെ പൂർത്തീകരിക്കപ്പെട്ടിട്ടില്ല.

## 16.05.2018-ലെ സമിതി തീരുമാനം

2.2.3 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 2000-2001-ൽ കേരള ജല അതോറിറ്റിയെ ചുമതലപ്പെടുത്തിയ ജലവിതരണ പദ്ധതികൾ പൂർത്തിയാക്കാത്തത് സംബന്ധിച്ച് കേരള വാട്ടർ അതോറിറ്റി, തദ്ദേശസ്വയംഭരണ വകുപ്പ്, പദ്ധതികളുമായി ബന്ധപ്പെട്ട ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് എന്നിവിടങ്ങളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവരിൽ നിന്നും തെളിവെടുപ്പ് നടത്തുന്നതിന് നിർദ്ദേശിച്ചു.

## 29.08.2019 തീയതിയിലെ തെളിവെടുപ്പ് യോഗം

2.2.4 പ്രസ്തുത വിഷയം സംബന്ധിച്ച് സമിതി ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് വിശദാംശങ്ങൾ ആരായുകയും 2000-2001 കാലയളവിൽ കേരള വാട്ടർ അതോറിറ്റിയെ എൽ.എസ്.ജി.ഡി. ഏൽപ്പിച്ച 147 ജലവിതരണ പദ്ധതികളിൽ പെൻഡിംഗുള്ള പ്രോജക്ടുകളുടെ കൃത്യമായ കണക്ക് ലഭ്യമാക്കുന്നതിന് നിർദ്ദേശിക്കുകയും ചെയ്തു.

**തുടർശിപാർശ**

**2.2.5 2000-2001 കാലയളവിൽ കേരള വാട്ടർ അതോറിറ്റിയെ തദ്ദേശസ്വയംഭരണ വകുപ്പ് ഏൽപ്പിച്ച 147 ജലവിതരണ പദ്ധതികളിൽ പെൻഡിംഗുള്ള പ്രോജക്ടുകളുടെ കൃത്യമായ കണക്ക് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.**

**ഖണ്ഡിക നമ്പർ 23**

**ശിപാർശ**

2.3.1 ശുദ്ധജല ലഭ്യത കുറവായ ജില്ലയിലെ പരമ്പരാഗത ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ലെന്ന് സമിതി വിലയിരുത്തുന്നു. കുളങ്ങളും തടാകങ്ങളും ഉറവകളും അടക്കമുള്ള പരമ്പരാഗത ജല സ്രോതസ്സുകൾ മിക്കതും മാലിന്യനിക്ഷേപ കേന്ദ്രങ്ങളായി മാറിയിട്ടുണ്ടെന്ന വസ്തുത സമിതി അമ്പരപ്പോടെയാണ് മനസ്സിലാക്കുന്നത്. ചന്തകളിൽ നിന്നും വ്യവസായ ശാലകളിൽ നിന്നും പുറന്തള്ളുന്ന മാലിന്യങ്ങളും വിനോദസഞ്ചാരമേഖലയിൽ നിന്നുണ്ടാകുന്ന മലിനീകരണവും ജില്ലയിലെ ജലത്തിന്റെ മലിനീകരണത്തിന്റെ തോത് വൻതോതിൽ ഉയർത്തിയിട്ടുണ്ട്. പരമ്പരാഗത ജലസ്രോതസ്സുകളുടെ വൻ തോതിലുള്ള മലിനീകരണം ജില്ലയിലെ ശുദ്ധജലത്തിന്റെ ലഭ്യത കുറയ്ക്കുമെന്ന് മാത്രമല്ല, ഗുരുതരമായ ആരോഗ്യ/പരിസ്ഥിതി പ്രശ്നങ്ങൾക്കും ഇടയാക്കുമെന്നതിനാൽ ജല സ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും മാലിന്യ മുക്തമാക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

2.3.2 പരമ്പരാഗത കുടിവെള്ള സ്രോതസ്സുകളായ കുളം, പുഴ, കിണർ എന്നിവ കാലവർഷംമൂലമുണ്ടാകുന്ന വെള്ളപ്പൊക്കവും, ഉപ്പ്, ഫ്ലൂറൈഡ് കലർന്ന ജലം എന്നിവ കാരണവുമാണ് മലിനമാകുന്നത്. ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ചന്തകൾ, വ്യവസായ ശാലകൾ എന്നിവയ്ക്ക് ലൈസൻസ് നൽകുന്നത് മലിനജലം ജലസ്രോതസ്സുകളിലേക്ക് ഒഴുകുന്നില്ലായെന്ന് ഉറപ്പു വരുത്തി ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സാനിട്ടറി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ്. ജില്ലയിൽ കിണർ ഉൾപ്പെടെ 1161 ജലസ്രോതസ്സുകൾ മാലിന്യ

വിമുക്തമാക്കിയിട്ടുണ്ട്. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 2573 ജലസ്രോതസ്സുകൾ ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽ ശുചീകരിച്ചിട്ടുണ്ട്.

ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും മാലിന്യമുക്തമാക്കുന്നതിനും ബോധവൽക്കരണത്തിനും ശുചിത്വ മാസ്റ്റർ പ്ലാൻ തയ്യാറാക്കി ശുചിത്വ മിഷൻ, ആരോഗ്യ വകുപ്പ്, കുടുംബശ്രീ, പഞ്ചായത്ത് വാർഡുതല ശുചിത്വ സമിതികൾ എന്നിവയുടെ സഹായത്തോടെ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തി വരുന്നു. കൂടാതെ തോടുകളുടെ നീരൊഴുക്ക് പുനഃസ്ഥാപിക്കുകയും മഴക്കുഴികൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. കുട്ടനാട് പാക്കേജിന്റെ കീഴിൽ 64 പൊതു കുളങ്ങൾ ശുചീകരിച്ചിട്ടുണ്ട്. നീർത്തട സർവ്വേ നടത്തിയും ഡേറ്റാ ബാങ്ക് രൂപീകരിച്ചും കുടിവെള്ള സ്രോതസ്സുകൾ സംരക്ഷിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചു വരുന്നു.

## തുടർ ശിപാർശ

**2.3.3 കടൽ നിരപ്പിനേക്കാൾ താഴെ സ്ഥിതി ചെയ്യുന്ന ആലപ്പുഴ ജില്ലയിലെ മാലിന്യപ്രശ്നവും ശുദ്ധജല പ്രശ്നവും ശാശ്വതമായി പരിഹരിക്കുന്നതിന് ശാസ്ത്രീയമായി പഠനം നടത്താൻ അനുയോജ്യരായ ഏജൻസിയെ ചുമതലപ്പെടുത്താൻ സമിതി ശിപാർശ ചെയ്യുന്നു.**

## ഖണ്ഡിക നമ്പർ 24

## ശിപാർശ

2.4.1 ജില്ലയിൽ ലഭ്യമാകുന്ന കുടിവെള്ളത്തിന്റെ ഗുണമേന്മ വളരെ കുറഞ്ഞതാണെന്ന് സമിതി അനുമാനിക്കുന്നു. കുടിവെള്ളത്തിൽ ക്ലോറൈഡ്, ഫ്ലൂറൈഡ്, ഇരുമ്പ് എന്നിവയുടെ അളവ് അനുവദനീയമായ നിരക്കിനേക്കാൾ കൂടുതലാണെന്നും സമിതി വിലയിരുത്തുന്നു. ജലത്തിന്റെ ഗുണമേന്മ മെച്ചപ്പെടുത്തുന്നത് 1997-98 കാലഘട്ടത്തിൽ കേന്ദ്ര സർക്കാർ അനുവദിച്ച രണ്ട് ഉപമിഷൻ പദ്ധതികളിലും 1998-2000 കാലഘട്ടത്തിൽ സംസ്ഥാന സർക്കാർ അനുവദിച്ച എട്ട് പദ്ധതികളിലും ഒന്നുപോലും നടപ്പാക്കിയിട്ടില്ലെന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭാഗത്ത് നിന്നുള്ള തികഞ്ഞ അനാസ്ഥയ്ക്ക് ഉദാഹരണമാണെന്ന് സമിതി ചൂണ്ടിക്കാട്ടുന്നു. ജില്ലയിലെ സ്കൂൾ വിദ്യാർത്ഥികളിൽ വ്യാപകമായി ഡെന്റൽ ഫ്ലൂറോസിസ് ബാധിച്ചിട്ടുണ്ടെന്നത് പ്രശ്നത്തിന്റെ ഗൗരവം വർദ്ധിപ്പിക്കുന്നു. ആയതിനാൽ ജലത്തിലെ ഉപ്പുരസം കുറയ്ക്കുന്നതിനും ഫ്ലൂറൈഡ് പ്രശ്നം പരിഹരിക്കുന്നതിനും ദീർഘകാലാടിസ്ഥാനത്തിൽ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

2.4.2 കേരള വാട്ടർ അതോറിറ്റിക്ക് ആവശ്യമായ നിർദ്ദേശം നൽകുവാൻ ജലവിഭവ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

ജില്ലയിലെ ചില ഗ്രാമപഞ്ചായത്തുകളിൽ ലഭ്യമാകുന്ന കുടിവെള്ളത്തിൽ ക്ലോറൈഡ്, ഫ്ലൂറൈഡ്, ഇരുമ്പ് എന്നിവയുടെ അളവ് അനുവദനീയമായ നിരക്കിനേക്കാൾ കൂടുതലാണ്. ജലത്തിന്റെ ഉപ്പുരസം കുറയ്ക്കുന്നതിന് കാലാകാലങ്ങളിൽ ബണ്ട് കെട്ടി നിർമ്മിക്കുകയും ഓരുമുട്ടുകൾ യഥാസമയം ഇടുകയും ചെയ്തിട്ടുണ്ട്. കൂടാതെ പഞ്ചായത്തുകളിൽ ആർ.ഒ. പ്ലാന്റുകൾ സ്ഥാപിക്കാൻ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താനുള്ള നടപടി സ്വീകരിച്ച് വരുന്നുണ്ട്. ജില്ലയിലെ നെടുമുടി, കരുവാറ്റ, മാരാരിക്കുളം നോർത്ത്, അരുകുറ്റി, മാരാരിക്കുളം സൗത്ത്, തലവടി എന്നീ ഗ്രാമപഞ്ചായത്തുകളിൽ യഥാക്രമം 15, 8, 13, 2, 35, 3 ശതമാനം ഡെന്റൽ ഫ്ലൂറോസിസ് ബാധിച്ച കുട്ടികളുണ്ട്.

നിലവിൽ 20 ആർ. ഒ. പ്ലാന്റുകൾ ആലപ്പുഴ ജില്ലയുടെ വിവിധ പ്രദേശങ്ങളിൽ സ്ഥാപിച്ച് ജനങ്ങൾക്ക് സുരക്ഷിതവും ഫ്ലൂറൈഡ് ഇല്ലാത്തതും മറ്റ് മാലിന്യരഹിതവുമായ ജലവിതരണം നടത്തി വരുന്നു. ഇതിൽ 13 എണ്ണം ആലപ്പുഴ മുനിസിപ്പാലിറ്റിയിലും 2 എണ്ണം മാരാരിക്കുളം സൗത്ത് പഞ്ചായത്തിലും 3 എണ്ണം ആര്യാട് പഞ്ചായത്തിലും ഒന്ന് വീതം പുന്നപ്ര പഞ്ചായത്തിലും ചേർത്തലയിലും ശുദ്ധജലവിതരണം നടത്തി വരുന്നു.

**തുടർ ശിപാർശ**

**2.4.3 സമിതി ശിപാർശയിന്മേൽ സ്വീകരിച്ച നടപടികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.**

## അദ്ധ്യായം III

**സർക്കാർ മറുപടികളുടെ അടിസ്ഥാനത്തിൽ അനന്തരനടപടികൾ തുടരേണ്ടതില്ല എന്ന് തീരുമാനിച്ച ശിപാർശകളും അവയ്ക്ക് സർക്കാരിൽ നിന്ന് ലഭിച്ച മറുപടികളും.**

## ഖണ്ഡിക നമ്പർ 20

## ശിപാർശ

3.1.1 മനുഷ്യന്റെ ഭൗതികാവശ്യങ്ങളിൽ സുപ്രധാനമായ ഒന്നായ ശുദ്ധജലം അവന് ലഭ്യമാക്കുക എന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കടമയും നിയമപരമായ ബാദ്ധ്യതയുമാണ്. സംസ്ഥാനത്ത് ഏറ്റവും രൂക്ഷമായ കുടിവെള്ള പ്രശ്നം നേരിടുന്ന ആലപ്പുഴ ജില്ലയിൽ ഈ ഉത്തരവാദിത്വം നിറവേറ്റുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പരാജയപ്പെട്ടതായി സമിതി വിലയിരുത്തുന്നു. 2000-2005 കാലഘട്ടത്തിൽ ഗ്രാമീണ ജനതയ്ക്ക് ശുദ്ധജലലഭ്യത ഉറപ്പുവരുത്തുന്നതിനാവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലും നടപ്പാക്കുന്നതിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വീഴ്ച സംഭവിച്ചിട്ടുണ്ട്. ജില്ലയിലെ ഇരുപത്തിമൂന്ന് ശതമാനത്തോളം വീടുകൾക്ക് കുടിവെള്ള ലഭ്യത ഇല്ലെന്ന വസ്തുത സമിതിയെ അത്ഭുതപ്പെടുത്തുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

3.1.2 ജില്ലയിലെ പഞ്ചായത്തുകളിൽ വാട്ടർ അതോറിറ്റി മുഖേനയുള്ള ശുദ്ധജല വിതരണമാണ് പ്രധാന കുടിവെള്ള സ്രോതസ്സ്. പഞ്ചായത്തുകളിൽ ലഭ്യമായ ഫണ്ടിന്റെ അടിസ്ഥാനത്തിൽ വാർഷിക പദ്ധതികളിലും തുടർ പദ്ധതികളിലും തുക വകയിരുത്തി വാട്ടർ അതോറിറ്റിയുമായി ചേർന്ന് ഗാർഹിക പൈപ്പ് ലൈൻ പദ്ധതി നടപ്പിലാക്കി വരുന്നു. ജില്ലയിൽ 1,13,344 വീടുകൾക്ക് നിലവിൽ പൈപ്പ് ലൈൻ ഉണ്ട്. ജില്ലയിലെ 71 കോളനികളിൽ മിനിവാട്ടർ സപ്ലൈ സ്കീമുകളും സ്വജലധാരാപദ്ധതി എന്ന പേരിൽ ബി. പി. എൽ. വിഭാഗങ്ങൾക്കായി കുടിവെള്ള പദ്ധതിയും നടപ്പിലാക്കി വരുന്നു. ജില്ലയിലെ 2,82,677 വീടുകളിൽ ശുദ്ധജലം നിലവിൽ ലഭ്യമാകുന്നുണ്ട്. കൂടാതെ തീരപ്രദേശങ്ങളിൽ മഴവെള്ള സംഭരണികൾ സ്ഥാപിച്ച് ശുദ്ധജല ലഭ്യത ഉറപ്പാക്കാനും നടപടി സ്വീകരിക്കുന്നുണ്ട്. കുട്ടനാടൻ മേഖലയിലും തീരപ്രദേശങ്ങളിലും ഉള്ള ഭൂരിഭാഗം ജനങ്ങൾക്കും വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ വഴിയാണ് കുടിവെള്ളം ലഭ്യമാകുന്നത്. മറ്റ് ചിലയിടങ്ങളിൽ കിണറിനെയും കുളങ്ങളെയും ആശ്രയിക്കുന്നു. എന്നാൽ വേനൽക്കാലത്ത് കുടിവെള്ള ദൗർലഭ്യം ഉണ്ടാകാറുണ്ട്. വേനൽക്കാലത്തും വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ എത്താത്ത മേഖലയിലും ടാങ്കർലോറിയിൽ കുടിവെള്ളം എത്തിക്കാറുണ്ട്. ജപ്പാൻ കുടിവെള്ള പദ്ധതിയിലൂടെയും ജില്ലയിലെ കുടിവെള്ളക്ഷാമം ഏറെക്കുറെ പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

## ഖണ്ഡിക നമ്പർ 25

## ശിപാർശ

3.2.1 ശുദ്ധജലക്ഷാമത്തോടൊപ്പം ഗുണനിലവാരം കുറഞ്ഞ വെള്ളത്തിന്റെ ഉപയോഗം നിമിത്തം ജില്ലയിൽ ജലജന്യരോഗങ്ങൾ വ്യാപകമായി പടർന്ന് പിടിക്കുന്നത് സമിതി ആശങ്കയോടെയാണ് വീക്ഷിക്കുന്നത്. ജലജന്യരോഗങ്ങൾ മൂലമുള്ള മരണനിരക്ക് ജില്ലയിൽ വളരെ കൂടുതലാണെന്നും ഇത് വർഷങ്ങളായി തുടരുന്നുവെന്നുള്ളതും സമിതിയെ അലോസരപ്പെടുത്തുന്നു. ആയതിനാൽ ജലദൗർലഭ്യം പരിഹരിക്കുന്നതിനും ജലത്തിന്റെ ഗുണമേന്മ ഉയർത്തുന്നതിനും അതുവഴി ജലജന്യരോഗങ്ങളുടെ വ്യാപനം തടയുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കേരള ജല അതോറിറ്റി, ഭൂഗർഭ ജലവകുപ്പ്, ആരോഗ്യ വകുപ്പ് എന്നിവയെ ഏകോപിപ്പിച്ചുകൊണ്ടുള്ള സമഗ്രമായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

3.2.2 ആലപ്പുഴ ജില്ലയിലെ ശുദ്ധജല ദൗർലഭ്യം പരിഹരിക്കുന്നതിന് വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി കുടിവെള്ള വിതരണ പദ്ധതികൾ ഗ്രാമപഞ്ചായത്തുകളിൽ വാട്ടർ അതോറിറ്റി, ഭൂജല വകുപ്പ് എന്നിവ മുഖേന നടപ്പിലാക്കിയിട്ടുണ്ട്. ആലപ്പുഴ ജില്ലയിൽ പൊതുവെ അനുഭവിച്ചുവരുന്ന ശുദ്ധജല ദൗർലഭ്യം പരിഹരിക്കുന്നതിന് വിവിധ ഏജൻസികളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും യോജിച്ചുള്ളതും വികേന്ദ്രീകൃതവുമായ കർമ്മ പദ്ധതി മാത്രമേ വിജയപ്രദമാവുകയുള്ളൂ. ജില്ലയിലെ ശുദ്ധജല ദൗർലഭ്യം പരിഹരിക്കുന്നതിന് കേന്ദ്രീകൃത സ്വഭാവത്തോടുകൂടിയ ഒരു ബൃഹദ് പദ്ധതി പ്രായോഗികമല്ല. എന്നാൽ, ഈ രംഗത്തുള്ള വെല്ലുവിളികളെ തരണം ചെയ്യുന്നതിന് ബന്ധപ്പെട്ട എല്ലാ ഏജൻസികളുടെയും പങ്കാളിത്തത്തോടെ ഒരു ജില്ലാ ജലവിഭവ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുന്നതും അതിന്റെ ചട്ടക്കൂടിൽ നിന്നുകൊണ്ട് വിവിധ ഏജൻസികളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സഹായത്തോടെ നിലവിലുള്ള പദ്ധതികളുമായി ഏകോപിപ്പിച്ചുകൊണ്ട് പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതാണ്. ജില്ലാ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള സ്കൂളുകളിലും വിട്ടുകിട്ടിയ സ്ഥാപനങ്ങളിലും കോളനികളിലും കുടിവെള്ള പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കിയിട്ടുണ്ട്. സ്കൂളുകളിലും കോളനികളിലും ആർ.ഒ. പ്ലാന്റുകൾ സ്ഥാപിച്ച്

ജലദൗർലഭ്യം പരിഹരിച്ചിട്ടുണ്ട്. ജില്ലയിൽ വ്യാപകമായി പടർന്നു പിടിക്കുന്ന ജലജന്യരോഗങ്ങൾ തടയുന്നതിലേയ്ക്കായി ആരോഗ്യവകുപ്പ്, അലോപ്പതി, ആയുർവേദം, ഹോമിയോ എന്നിവ സംയോജിപ്പിച്ച് ജലജന്യരോഗ നിരീക്ഷണ സംവിധാനം, വാർഡുതല ചികിത്സാ കേന്ദ്രം, പ്രതിരോധ മരുന്ന് വിതരണം, ഫലസിദ്ധി പഠനം, ശുചീകരണ പ്രവർത്തനങ്ങൾ, മെഡിക്കൽ ക്യാമ്പ്, ബോധവൽക്കരണ ക്ലാസ്സുകൾ, അടിസ്ഥാന വിവരശേഖരണ സർവ്വേ എന്നീ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് പദ്ധതിയുടെ ഭാഗമാക്കി തുക അനുവദിച്ചു വരുന്നു. കൂടാതെ കുട്ടനാട് മേഖലയിൽ വളരെ വേഗത്തിൽ ആരോഗ്യ സേവനം എത്തിയ്ക്കുന്നതിന് "ഫ്ലോട്ടിംഗ് ഡിസ്പെൻസറി" എന്ന സംരംഭം നടപ്പിലാക്കിയിട്ടുണ്ട്. ജില്ലയിലെ ജലജന്യരോഗങ്ങൾ വ്യാപകമായി പടർന്നുപിടിക്കുന്നത് സംബന്ധിച്ച് സമിതിയുടെ ആശങ്ക സർക്കാർ വളരെ ഗൗരവപൂർവ്വം പരിഗണിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതികളിൽ ഉൾപ്പെട്ടു വരുന്ന ശുദ്ധജല വിതരണ പദ്ധതികളുടെയും മറ്റു ഏജൻസികൾ നടത്തിവരുന്ന പദ്ധതികളുടെയും ഫലമായി ഇപ്പോൾ തന്നെ ശുദ്ധജല ദൗർലഭ്യം കുറയുകയും മികച്ച ജലമാനേജ്മെന്റിലേക്ക് ജില്ല പുരോഗമിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ഫലമായി ജില്ലയിൽ പടർന്നു പിടിക്കുന്ന ജലജന്യ രോഗങ്ങൾ ഗണ്യമായി കുറയുകയും ചെയ്തിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ ജലജന്യ രോഗങ്ങളുടെ വ്യാപനം സംബന്ധിച്ച് പ്രത്യേക സർവ്വേ ഒന്നും നടത്തിയിട്ടില്ലെങ്കിലും ഡയറക്ടർ ഓഫ് ഹെൽത്ത് സർവീസസ് ക്രോഡീകരിച്ച് പ്രസിദ്ധീകരിച്ചിട്ടുള്ള വർഷാവർഷങ്ങളിലെ "ഡാറ്റ ഓൺ കമ്മ്യൂണിക്കബിൾ ഡിസീസസ്" പ്രകാരമുള്ള വിവരങ്ങൾ ആധികാരികമായി സ്വീകരിക്കാവുന്നതാണ്. 2011 മുതൽ 2015 വരെയുള്ള ഡാറ്റയിൽ നിന്നും ജലജന്യരോഗങ്ങളുടെ വിവരം താഴെ ചേർക്കുന്നു,

| ക്രമ നം. | രോഗത്തിന്റെ പേര് | ജില്ലയിൽ റിപ്പോർട്ട് ചെയ്യപ്പെട്ട കേസുകൾ | | | | |
|---|---|---|---|---|---|---|
| | | 2011 | 2012 | 2013 | 2014 | 2015 |
| 1. | ഹെപ്പറ്റൈറ്റിസ് എ | 307 | 48 | 13 | 3 | 5 |
| 2. | ഹെപ്പറ്റൈറ്റിസ് ബി | 37 | 19 | 8 | 9 | 10 |
| 3. | കോളറ | 0 | 1 | 8 | 0 | 0 |
| 4 | ടൈഫോയ്ഡ് | 112 | 62 | 1 | 0 | 5 |

മുകളിൽ കാണിച്ചിരിക്കുന്ന സ്ഥിതിവിവര കണക്ക് സൂചിപ്പിക്കുന്നത് 2011-15 കാലഘട്ടത്തിൽ ആലപ്പുഴ ജില്ലയിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന ജലജന്യ രോഗങ്ങളിൽ വൻ തോതിലുള്ള കുറവു വന്നിട്ടുണ്ടെന്നാണ്. ശുദ്ധജലലഭ്യത ഉറപ്പാക്കാനുള്ള പദ്ധതികൾ ഫലപ്രദമായിട്ടുണ്ട് എന്ന് ഈ റിപ്പോർട്ട് സൂചിപ്പിക്കുന്നു.

## ഖണ്ഡിക നമ്പർ 26

## ശിപാർശ

3.3.1 പത്താം പഞ്ചവത്സര പദ്ധതിക്കാലത്ത് നടപ്പിലാക്കാനുദ്ദേശിച്ചിരുന്ന നീർത്തടസംരക്ഷണ പദ്ധതി ജില്ലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കി യിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. വളരെ വിപുലമായ ഉദ്ദേശ്യ ലക്ഷ്യങ്ങൾ ഉണ്ടായിരുന്ന നീർത്തട സംരക്ഷണ പദ്ധതി നടപ്പിലാക്കിയിരുന്നെങ്കിൽ ജില്ലയിലെ ജല മാനേജ്മെന്റ് ഏറെ മെച്ചപ്പെട്ടമായിരുന്നുവെന്ന് സമിതി കരുതുന്നു. ഈ പദ്ധതി ഏറ്റെടുത്ത് നടത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കാണിച്ച ഉദാസീനതയെ സമിതി ശക്തിയായി വിമർശിക്കുന്നു. പ്രകൃതി വിഭവങ്ങളുടെ ശാസ്ത്രീയമായ വിനിയോഗത്തിന് ഉതകുന്ന ഇത്തരം പദ്ധതികൾ നടപ്പാക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുന്നിട്ടിറങ്ങണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

3.3.2 11-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് നീർത്തടാധിഷ്ഠിത പ്ലാനിൽ പ്രോജക്ടുകൾ ഉൾപ്പെടുത്തിയെങ്കിലും നീർത്തട സംരക്ഷണ പദ്ധതിയിലെ മുഴുവൻ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രാവർത്തികമാക്കാൻ കഴിഞ്ഞിട്ടില്ല. നീർത്തട സംരക്ഷണ പദ്ധതി പൂർണ്ണമായും നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. നിലവിൽ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ നീർച്ചാലുകളുടെ സംരക്ഷണം, അവയുടെ ആഴവും വീതിയും കൂട്ടുക, തോടുകളുടെയും കുളങ്ങളുടെയും നവീകരണവും കല്ലുകെട്ടി സംരക്ഷിക്കലും, ഓരുജലത്തിന്റെ കടന്നുകയറ്റം തടയുന്നതിന് ബണ്ടുകൾ നിർമ്മിക്കുക, കണ്ടൽ വച്ച് പിടിപ്പിക്കൽ തുടങ്ങിയ നീർത്തട പദ്ധതികൾ ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. ജില്ലയിലെ ഗ്രാമ പഞ്ചായത്തുകളിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 6296 എണ്ണം നീർത്തട പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ട്.

## ഖണ്ഡിക നമ്പർ 27

### ശിപാർശ

3.4.1 കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് നിലവിലുള്ള ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതോടൊപ്പം പുതിയവ കണ്ടെത്തി വികസിപ്പിക്കണമെന്നും മാലിന്യ നിർമ്മാർജ്ജനത്തിന് ഡ്രെയിനേജ് പ്ലാൻ തയ്യാറാക്കണമെന്നും വാട്ടർ കോഴ്സ് അടച്ച് കൃഷി ചെയ്യുന്ന പ്രവണത ഒഴിവാക്കി നീർത്തടാധിഷ്ഠിത പദ്ധതിയിൽ വെള്ളം ഒഴുകുന്നതിനുള്ള ചാനൽ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

3.4.2 മാലിന്യ നിർമ്മാർജ്ജനത്തിനായി ഡ്രെയിനേജ് പ്ലാൻ നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. നിലവിൽ ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിന്റെ ഭാഗമായി മാലിന്യ നിർമ്മാർജ്ജനത്തിന് ഡ്രെയിനേജ് പ്ലാൻ തയ്യാറാക്കിയതായി ഗ്രാമപഞ്ചായത്തുകൾ റിപ്പോർട്ട് ചെയ്തിട്ടില്ല. വാട്ടർ കോഴ്സ് അടച്ച് കൃഷി ചെയ്യുന്ന പ്രവണത ഒഴിവാക്കുന്നതിന് കൃഷി വകുപ്പുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. നിലവിൽ വാട്ടർ കോഴ്സ് അടയ്ക്കാതെയാണ് കൃഷി ചെയ്യുന്നത്. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ജലസ്രോതസ്സുകൾ ആഴം കൂട്ടിയും വൃത്തിയാക്കിയും സംരക്ഷിക്കുന്നത് മൂലം നീരൊഴുക്ക് ഒരു പരിധി വരെയെങ്കിലും സുഗമമാക്കാൻ സാധിച്ചിട്ടുണ്ട്.

## ഖണ്ഡിക നമ്പർ 28

### ശിപാർശ

3.5.1 ആലപ്പുഴ ജില്ലാ പഞ്ചായത്ത് ഭൂജല വകുപ്പിന് വരൾച്ചാദുരിതാശ്വാസ പ്രവർത്തനത്തിനായി ഏൽപ്പിച്ച 71.66 ലക്ഷം രൂപയിൽ 66.94 ലക്ഷം രൂപയും ഉപയോഗിക്കാതെ ശേഷിച്ചതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. 28.73 ലക്ഷം രൂപ ഉപയോഗിക്കാതെ ഭൂജല വകുപ്പിൽ ശേഷിച്ചപ്പോൾ വീണ്ടും 39.27 ലക്ഷം രൂപ മുൻകൂർ നൽകിയത് സമിതിയെ അത്ഭുതപ്പെടുത്തുന്നു. ഭൂജല വകുപ്പിന് കൈമാറിയ തുക പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ടോ എന്ന് അടിയന്തരമായി പരിശോധിക്കണമെന്നും ഏൽപ്പിച്ച പദ്ധതികൾ സമയബന്ധിതമായി തീർക്കുന്നുണ്ടോയെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിരീക്ഷിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

3.5.2 ആലപ്പുഴ ജില്ലാ പഞ്ചായത്ത് 2003-04, 2004-05 വർഷങ്ങളിൽ വരൾച്ചാ ദുരിതാശ്വാസ പദ്ധതി പ്രകാരം യഥാക്രമം 32.39 ലക്ഷം, 39.27 ലക്ഷം രൂപ വീതം ആകെ 71.66 ലക്ഷം രൂപ ഭൂജല വകുപ്പിൽ നിക്ഷേപിച്ചിരുന്നു. 2003-04 ൽ ഏൽപ്പിച്ച 14 പ്രവൃത്തികളും പൂർത്തീകരിച്ച് 33.76 ലക്ഷം രൂപയും, 2004-05 ൽ ഏൽപ്പിച്ച 15 പ്രവൃത്തികൾ പൂർത്തീകരിച്ച് 39.10 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. പൊതുവിഭാഗത്തിലും പ്രത്യേക ഘടകപദ്ധതിയിലുമായി 30.03.2005, 31.03.2005 തീയതികളിലായിരുന്നു 2004-05 ൽ തുക നിക്ഷേപിച്ചിരുന്നത്. 6/2005 ലെ അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് പരിശോധനാ വേളയിൽ നാമമാത്രമായ തുകയാണ് ചെലവഴിച്ചിരുന്നതായി കണ്ടെത്തിയത് 01.02.2007 ൽ ഈ പ്രവൃത്തികളെല്ലാം പൂർത്തീകരിച്ചിട്ടുണ്ട്. 2003-04 ൽ ഭൂജല വകുപ്പിൽ ഏൽപ്പിച്ച കുടിവെള്ള പദ്ധതികൾ സാങ്കേതികമായും മറ്റു കാരണങ്ങളാലും നിർവ്വഹണ ഘട്ടത്തിൽ ഭേദഗതി വരുത്തിയും പകരം പുതിയ പദ്ധതികൾ ഏറ്റെടുത്തും നടപ്പിലാക്കേണ്ട സാഹചര്യം ഉണ്ടായി. ആയതിനാലാണ് 2003-04 ൽ നിക്ഷേപിച്ച തുക പൂർണ്ണമായും ചെലവഴിക്കാതെ തന്നെ 2004-05 ലെ വാർഷിക പദ്ധതിയിൽ അംഗീകരിച്ച പദ്ധതികൾക്ക് ആവശ്യമായ തുക ജില്ലാ പഞ്ചായത്ത് ഭൂജല വകുപ്പിൽ നിക്ഷേപിക്കുവാൻ നിർബന്ധിതമായത്. നിലവിൽ പദ്ധതികളുടെ നിർവ്വഹണം സമയബന്ധിതമായി നടപ്പിലാക്കുന്നതിനും പൂർത്തീകരിക്കുന്നതിനും മോണിറ്ററിംഗ് സമിതിയുടെ നിരീക്ഷണം കാര്യക്ഷമമാക്കിയിട്ടുണ്ട്.

**കെ. സുരേഷ് കുറുപ്പ്.**
**അദ്ധ്യക്ഷൻ,**
**ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.**

**തിരുവനന്തപുരം,**
**2021 ജനുവരി..21.....**

# അനുബന്ധം

## പ്രധാനപ്പെട്ട നിഗമനങ്ങൾ/ശുപാർശകൾ

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ബന്ധപ്പെട്ട സ്ഥാപനം/ വകുപ്പ് | നിഗമനങ്ങൾ/ശുപാർശകൾ |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | 2.1.3 | തദ്ദേശ സ്വയംഭരണം | വള്ളികുന്നം ഗ്രാമപഞ്ചായത്തിൽ വള്ളികുന്നം ചിറ കുടിവെള്ള പദ്ധതിയും മാവേലിക്കര തെക്കേക്കര ഗ്രാമപഞ്ചായത്തിൽ പാറ്റൂർ കുടിവെള്ള പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ടോയെന്നത് സംബന്ധിച്ച വിശദാംശം നൽകുവാൻ സമിതി നിർദ്ദേശിക്കുന്നു. |
| 2 | 2.2.5 | തദ്ദേശ സ്വയംഭരണം ജലവിഭവം | 2000-2001 കാലയളവിൽ കേരള വാട്ടർ അതോറിറ്റിയെ തദ്ദേശസ്വയംഭരണ വകുപ്പ് ഏൽപ്പിച്ച 147 ജലവിതരണ പദ്ധതികളിൽ പെൻഡിംഗുള്ള പ്രോജക്ടുകളുടെ കൃത്യമായ കണക്ക് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. |
| 3 | 2.3.3 | തദ്ദേശ സ്വയംഭരണം | കടൽ നിരപ്പിനേക്കാൾ താഴെ സ്ഥിതി ചെയ്യുന്ന ആലപ്പുഴ ജില്ലയിലെ മാലിന്യപ്രശ്നവും ശുദ്ധജല പ്രശ്നവും ശാശ്വതമായി പരിഹരിക്കുന്നതിന് ശാസ്ത്രീയമായി പഠനം നടത്താൻ അനുയോജ്യരായ ഏജൻസിയെ ചുമതലപ്പെടുത്താൻ സമിതി ശിപാർശ ചെയ്യുന്നു. |
| 4 | 2.4.3 | തദ്ദേശ സ്വയംഭരണം ജലവിഭവം | സമിതി ശിപാർശയിന്മേൽ സ്വീകരിച്ച നടപടികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. |